സി1/1266/റ്റിസി/2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 10-12-2015

## സർക്കുലർ നം. 29/2015 തീയതി 10-12-2015

വിഷയം: മോട്ടോർ വാഹന വകുപ്പ്-വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുന്നത്- നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന: എസ്.ആർ ഒ.നം.796/2015 തീയതി 24-11-2015 (ജി.ഒ.(പി) നം. 74/2015/ട്രാൻ തീയതി 19-11-2015)

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരമുള്ള ഉത്തരവിലൂടെ സർക്കാർ 1989ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 92 എ ഭേദഗതി ചെയ്ത് വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുകയാണ്. പ്രസ്തുത നിർദ്ദേശപ്രകാരം

1. കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ വാഹനങ്ങളിലും, അതാത് വാഹനങ്ങൾക്ക് അനുവദിച്ച നൽകിയിട്ടുള്ള രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കേണ്ടതാണ്. രജിസ്റ്റർ നമ്പർ മറയ്ക്കുന്ന രീതിയിലുള്ള ഔദ്യോഗിക ബോർഡുകൾ, ചിഹ്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.
2. കേരള ഗവർണ്ണർ ഉപയോഗിക്കുന്ന വാഹനത്തിന്റെ മുൻവശത്തും, പുറക വശത്തും **"Governor of Kerala"** എന്നെഴുതിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡിന്റെ നിറം ചുമപ്പും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 30X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 40 മില്ലി മീറ്റർ ഉയരവും, 8 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം
3. സംസ്ഥാന മന്ത്രിമാർക്കും, തത്തുല്യ പദവി വഹിക്കുന്നവർക്കും നൽകിയിട്ടുള്ള വാഹനത്തിന്റെ മുൻവശത്തും, പുറക വശത്തും പ്രസ്തുത വാഹനത്തിന് നൽകിയിട്ടുള്ള ഒരു ക്രമ നമ്പറിനൊപ്പം **'Kerala State** കേരള സർക്കാർ' എന്നെഴുതിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡിന്റെ നിറം ചുമപ്പും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 30X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 60 മില്ലി മീറ്റർ ഉയരവും, 8 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം
4. പാർലമെന്റ് അംഗങ്ങളും, നിയമസഭാ സാമാജികരും അവർക്ക് സ്വന്തമായിട്ടുള്ളതോ, അവർ ഉപയോഗിക്കുന്നതോ ആയ വാഹനത്തിന്റെ മുൻവശത്തും, പുറക വശത്തും യഥാക്രമം **'MP** എം പി', **'MLA** എം എൽ എ' എന്നെഴുതിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡിന്റെ നിറം ചുമപ്പും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 25X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 60 മില്ലി മീറ്റർ ഉയരവും, 8 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം.

5. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, ജില്ലാ കളക്ടർമാർ ഉപയോഗിക്കുന്നതുമായ വാഹനങ്ങളുടെ മുൻവശത്തും, പുറക വശത്തും **'DISTRICT COLLECTOR** ജില്ലാ കളക്ടർ' എന്നെഴുതിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡിന്റെ നിറം ചുമപ്പും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 30X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 40 മില്ലി മീറ്റർ ഉയരവും, 8 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം.

6. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഭരണഘടനാപരമായ അധികാരസ്ഥാപനങ്ങൾ, നിയമപരമായ കമ്മീഷനുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ വകുപ്പിന്റെയോ, അധികാരസ്ഥാപനത്തിന്റെയോ, ബോർഡിന്റെയോ പേര് രേഖപ്പെടുത്തിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡിന്റെ നിറം ചുമപ്പും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 30X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 40 മില്ലി മീറ്റർ ഉയരവും, 8 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം. **'Kerala State'** എന്ന ബോർഡ് പാടില്ല.

7. കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഭരണഘടനാപരമായ അധികാരസ്ഥാപനങ്ങൾ, നിയമപരമായ ബോർഡുകൾ, എന്നിവയുടെ തലവൻമാർ ഉപയോഗിക്കുന്ന വാഹനത്തിന്റെ മുൻവശത്തും, പുറക വശത്തും തലവന്റെ ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്.. ബോർഡിന്റെ നിറം ചുമപ്പും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 25X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 40 മില്ലി മീറ്റർ ഉയരവും, 8 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം.

8. പിരിവ് 7ൽ ഉൾപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, ദേശസാൽകൃത ബാങ്കുകൾ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ബോർഡ് പ്രദർശിപ്പിക്കുവാൻ അനുവാദം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവ മുൻവശത്തും, പുറക വശത്തും സ്ഥാപനത്തിന്റെ പേര് സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവ മേൽ പറഞ്ഞ ബോർഡിനു താഴെയായി **"A State Government Undertaking"** അല്ലെങ്കിൽ **"A Central Government Undertaking"** എന്നെഴുതിയ ബോർഡ് കൂടി പ്രദർശിപ്പിക്കേണ്ടതാണ്. **'Kerala State'** എന്ന ബോർഡ് പാടില്ല. ബോർഡിന്റെ നിറം ഇളം നീലയും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 30X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 40 മില്ലി മീറ്റർ ഉയരവും, 6 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം.

9. യൂണിവേഴ്സിറ്റികളുടെ ഉടമസ്ഥതിയിലുള്ള വാഹനങ്ങളിൽ മുൻവശത്തും, പുറക വശത്തും യൂണിവേഴ്സിറ്റിയുടെ പേര് സൂചിപ്പിക്കുന്നതും, യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ ഉപയോഗിക്കുന്ന വാഹനങ്ങളിൽ മുൻവശത്തും, പുറക വശത്തും അവരുടെ പദവി സൂചിപ്പിക്കുന്നതുമായ ബോർഡ് മാത്രം പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡിന്റെ നിറം ഇളം നീലയും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 30X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 40 മില്ലി മീറ്റർ ഉയരവും, 6 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം.

10. കേരള ഹൈക്കോടതിയിലെ ലാ ഓഫീസർമാർ, ഹൈക്കോടതിയിലെ കേന്ദ്ര ഗവൺമെന്റ് കൗൺസൽമാർ, ജുഡീഷ്യൽ ഓഫീസർമാർ, ഗവൺമെന്റ് സെക്രട്ടേറിയേറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി പദവി വഹിക്കുന്നവർ, അതിനു മേലെയുള്ള പദവി വഹിക്കുന്നവർ, പെർമനന്റ് ലോക് അദാലത്ത് ചെയർമാൻ എന്നിവരുടെ

സ്വന്തം വാഹനങ്ങളിൽ അവരുടെ പദവി സൂചിപ്പിക്കുന്ന ബോർഡ് വാഹനത്തിന്റെ മുൻവശത്തും, പുറക വശത്തും പ്രദർശിപ്പിക്കാവുന്നതാണ്. പെർമനന്റ് ലോക് അദാലത്ത് ചെയർമാന് പ്രസ്തുത പദവി വഹിക്കുന്ന കാലമത്രയും മാത്രമേ ബോർഡ് പ്രദർശിപ്പിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുകയുള്ളൂ. ബോർഡിന്റെ നിറം ചുമപ്പും, അക്ഷരങ്ങളുടെ നിറം വെളുപ്പുമായിരിക്കണം. ബോർഡിന് 30X10 സെന്റി മീറ്റർ വലുപ്പവും, അക്ഷരങ്ങൾക്ക് 40 മില്ലി മീറ്റർ ഉയരവും, 6 മില്ലി മീറ്റർ കനവും ഉണ്ടായിരിക്കണം.

വാഹനങ്ങളിൽ മേൽ പറഞ്ഞ രീതിയിലാണ് ബോർഡ് പ്രദർശിപ്പിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും , ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്. അനധികൃതമായി **'Kerala State'** എന്ന ബോർഡും വയ്ക്കുവാൻ പാടില്ല. ചട്ട വിരുദ്ധമായി ബോർഡ് പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ ബോർഡ് നീക്കം ചെയ്യുന്നതും, പിഴ ഈടാക്കുന്നതും ഉൾപ്പെടെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഏതെങ്കിലും വാഹനത്തിൽ ബോർഡ് പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് ഫോട്ടോ എടുത്തോ, വാട്സ് ആപ്പ് വഴിയോ മോട്ടോർ വാഹന വകുപ്പിനെ അറിയിക്കാവുന്നതാണ്.

10.12.15

**ടോമിൻ.ജെ.തച്ചങ്കരി ഐ പി എസ്**
**ട്രാൻസ്പോർട്ട് കമ്മീഷണർ**

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും